MR. V. K. VARGHESE : വെറും പ്രാദേശികമായ കാര്യങ്ങളെപ്പറ്റിയുള്ള ചോദ്യങ്ങൾ സ്റ്റാറിട്ട് അയക്കുന്നവെന്ന കാരണംകൊണ്ടുമാത്രം അവക്ക് ഈ ഹൗസിൽവച്ചു മറുപടി പറയുമോ?

MR. PRESIDENT : സ്റ്റാറിട്ട ചോദ്യങ്ങളെ സംബന്ധിച്ചും സ്റ്റാറിടാത്ത ചോദ്യങ്ങളെ സംബന്ധിച്ചുമുള്ള ഒരു നോട്ടിഫിക്കേഷൻ ഇതിനിടെ ഉണ്ടായിട്ടുണ്ട്. അതിലെ താൽപര്യമനുസരിച്ച് മറുപടി പറയുന്നതാണ്.

REFERENCE RE: LANGUAGE OF THE ASSEMBLY

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*) : സർ, ഒരു പോയിന്റ് ആഫ് ഓർഡർ. ഇന്നത്തെയും യോഗനടപടികളും കഴിഞ്ഞ തവണത്തെ യോഗനടപടികളുമായി വളരെ വ്യത്യാസം കാണുന്നു. മലയാളഭാഷയെ പുറംതള്ളിക്കൊണ്ടുള്ള ഒരു ഏർപ്പാടാണു ഇവിടെ നടപ്പിൽ വരുന്നതെന്നു തോന്നുന്നു. കഴിഞ്ഞ യോഗത്തിൽ മലയാളത്തിൽ സംസാരിച്ച പല ബഹുമാനപ്പെട്ട മെംബറന്മാരും എന്നല്ല, ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കാൻ നല്ല കഴിവില്ലാത്തയാളുകൾപോലും ഇന്നവണ ഇംഗ്ലീഷിലേ സംസാരിക്കൂ എന്നൊരുനിർബന്ധം ഉള്ളതുപോലെ തോന്നുന്നു. ഈ യോഗനടപടികളുടെ നിയമങ്ങൾ രൂപീകരിച്ചപ്പോൾതന്നെ ഇക്കാര്യത്തെപ്പറ്റി വാദപ്രതിവാദം നടക്കുകയും കഴിവുള്ളിടത്തോളം എല്ലാ കാര്യങ്ങളും മാതൃഭാഷയായ മലയാളഭാഷയിൽ തന്നെ വേണമെന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ചില സാങ്കേതികവിഷയങ്ങളെ സംബന്ധിച്ചു പറയേണ്ടിവരുമ്പോൾ മലയാളത്തിൽ ശരിയായ പദങ്ങൾ ഇല്ലെന്നുള്ള ആക്ഷേപംകൊണ്ടു നിവൃത്തിയില്ലെന്നു വരുമ്പോൾ ഇംഗ്ലീഷും ഉപയോഗിക്കാമെന്നാണു തീരുമാനിച്ചത്. എന്നാൽ അതിനു വിരുദ്ധമായ ഒരു നടപടിയാണ് ഇപ്പോൾ ഇവിടെ കാണുന്നത്. കഴിഞ്ഞ സമ്മേളനത്തിൽ പ്രസിഡണ്ടായിരുന്ന ശ്രീ. എ. ജെ. ജാൺ അവർകൾതന്നെ കഴിവുള്ളിടത്തോളം മലയാളത്തിൽ സംസാരിച്ച് മാതൃകാപരമായ ഒരു നടപടിയാണു സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെംബറന്മാരും അങ്ങനെതന്നെയാണ് പെരുമാറിയിട്ടുള്ളതും. പ്രസിഡണ്ട് അവർകളെ അക്കാര്യം അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഇവിടെ ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാർ മാതൃഭാഷയിൽതന്നെ സംസാരിച്ച് പൊതുജനങ്ങൾക്കു മാതൃകകാട്ടിക്കൊടുത്തു അവരിൽ മാതൃഭാഷാഭിമാനവും സ്വദേശാഭിമാനവും വളർത്തിക്കൊണ്ടുവരുന്നതിനു ശ്രദ്ധിക്കുകയാണു വേണ്ടതെന്നു പറയേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : ഇതിനെപ്പറ്റി റൂളിൽ പറയുന്നതു് ഞാൻവായിക്കാം. "the business of the assembly shall be transacted in Malayalam, Tamil or English," അതായതു് സഭയുടെ നടപടികളം മലയാളത്തിലോ തമിഴിലോ ഇംഗ്ലീഷിലോ നടത്തേണ്ടതാണെന്നാണു് പറഞ്ഞിരിക്കുന്നതു്. ഏതെങ്കിലും മെംബറെ മലയാളത്തിലോ, ഇംഗ്ലീഷിലോ അല്ലെങ്കിൽ തമിഴിലോ സംസാരിക്കണമെന്നു നിർബന്ധിക്കാൻ റൂളിൽ വ്യവസ്ഥയില്ലാത്തതുകൊണ്ടു് അക്കാര്യത്തിൽ പ്രസിഡൻറു നിസ്സഹായനാണു്. കഴിയുന്നിടത്തോളം മലയാളത്തിൽ ആയാൽകൊള്ളാമെന്നു് എനിക്കും ആഗ്രഹമുണ്ടു്. എന്നാൽ അങ്ങനെ വേണമെന്നു ആരെയും നിർബന്ധിക്കാൻ എനിക്കു നിവൃത്തിയില്ല.

MR. MANNATHU PADMANABHA PILLAI: ആ കാര്യം ഞാനും മനസ്സിലാക്കിയിട്ടുണ്ടു്. മലയാളമോ, തമിഴോ, ഇംഗ്ലീഷോ എന്നാണു് റൂളിൽ പറയുന്നതു്. ഒന്നാംസ്ഥാനം മാതൃഭാഷയായ മലയാളത്തിനും അതിനടുത്തസ്ഥാനം തമിഴിനും പിന്നെ നിവൃത്തിയില്ലെങ്കിൽ ഇംഗ്ലീഷിനുമെന്നാണു് കല്പിച്ചിട്ടുള്ളതു്.

MR. PRESIDENT : അങ്ങനെയും ഉദ്ദേശിച്ചിരിക്കാം. എന്നാൽ അങ്ങനെതന്നെ വേണമെന്നു് ഒരു റൂളിംഗ് കൊടുക്കാൻ ഈ റൂളുനു സരിച്ചു നിവൃത്തിയില്ല.

MR. PAUL THALIAT : സർ, സ്റ്റാറിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങളും ഈ സഭയിൽ അച്ചടിച്ചു് വിതരണം ചെയ്യാൻ ഏർപ്പാടു ചെയ്താൽ കൊള്ളാം.

ADJOURNMENT MOTION

MR. PRESIDENT : അടുത്തതായി ഒരു അഡ്ജോൺമെൻറു് മോഷൻ കിട്ടിയിട്ടുണ്ടു്: അതു് മി. വിൽസൺപീറ്ററിൻറെതാണു്. അതു ഞാൻ വായിക്കാം.

> "I move for the adjournment of the business of the House to discuss a definite matter of urgent public importance in connection with the unwarranted and unnecessary use of violence yesterday on peaceful satyagrahis near the Trivandrum Bus Station by the Reserve Inspector."

He has not said what is the specific matter on which he wants to discuss. So it is indefinite. I disallow the motion.

LIBRARY ARCHIVES Kerala Legislative Assembly